ഡോ. കെ. മുഹമ്മദ്, പാണ്ടിക്കാട്

# സഹോദരിയുടെ അവകാശങ്ങൾ

عن أبي سعيد الخدري (ر) قال: قال رسول الله صلى الله عليه وسلم: مَن كان له ثلاثُ بناتٍ أو ثلاثُ أخَواتٍ أو ابنتانِ أو أُختانِ فأحسَن صُحبتَهنَّ واتَّقى اللهَ فيهنَّ فَلَهُ الجنَّةَ (رواه الترمذي).

**അബൂ സഈദുൽ ഖുദ്‌രി(റ)യിൽ നിന്ന്. അല്ലാഹുവിന്റെ റസൂൽ (സ) പറഞ്ഞു: ഒരാൾക്ക് മൂന്ന് പെൺകുട്ടികളോ മൂന്ന് സഹോദരിമാരോ അതല്ലെങ്കിൽ രണ്ട് പെൺകുട്ടികളോ രണ്ട് സഹോദരിമാരോ ഉണ്ടാവുകയും അവരോട് നല്ല നിലയിൽ പെരുമാറുകയും അവരുടെ കാര്യത്തിൽ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്താൽ അവന്ന് സ്വർഗമുണ്ട് (തിർമിദി).**

ഇസ്‌ലാമിൽ സ്ത്രീകളുടെ അവകാശങ്ങളെക്കുറിച്ച് വിവരിക്കുമ്പോൾ മാതാവ്, പെൺമക്കൾ, ഭാര്യ എന്നിവരുടെ കാര്യം മാത്രമാണ് സാധാരണ വിശദീകരിക്കപ്പെടാറുള്ളത്. പലപ്പോഴും സഹോദരിമാരുടെ കാര്യം ആരും അത്ര പ്രാധാന്യത്തോടെ പരിഗണിക്കാറില്ല. യഥാർഥത്തിൽ ഇസ്‌ലാം പെൺമക്കൾക്കുള്ള അതേ പരിഗണന സഹോദരിമാർക്കും നൽകിയിട്ടുണ്ട്; അവർ അവിവാഹിതരോ വിധവകളോ ആണെങ്കിൽ പ്രത്യേകിച്ചും. ഇത്തരം ഘട്ടങ്ങളിൽ അവരെ സംരക്ഷിക്കേണ്ട ബാധ്യത സഹോദരൻമാർക്കുണ്ട്. അല്ലാഹുവിന്റെ റസൂൽ (സ) ഇക്കാര്യമാണ് ഈ ഹദീസിൽ ഉണർത്തുന്നത്.

മറ്റൊരു ഹദീസിൽ ഇപ്രകാരം കാണാം: ഉമ്മുസലമ (റ)യിൽനിന്ന്. അല്ലാഹുവിന്റെ റസൂൽ (സ) പറഞ്ഞു: 'ആരെങ്കിലും രണ്ട് പെൺകുട്ടികൾക്കോ രണ്ട് സഹോദരികൾക്കോ കുടുംബ ബന്ധത്തിലുള്ള രണ്ട് സ്ത്രീകൾക്കോ അവരെ ധന്യരാക്കുവോളം പണം ചെലവഴിച്ചാൽ അവർ അവന് നരകത്തിൽ നിന്നുള്ള മറയായിരിക്കും' (അഹ്മദ്).

മക്കളെയും സഹോദരിമാരെയും സംരക്ഷിക്കുന്നതിനുള്ള പ്രതിഫലത്തെ മറ്റൊരിക്കൽ ഇപ്രകാരമാണ് റസൂൽ വർണിച്ചത്: 'ഒരാൾ രണ്ടോ മൂന്നോ പെൺകുട്ടികളെയോ, രണ്ടോ മൂന്നോ സഹോദരിമാരെയോ അവർ മരിക്കുന്നത് വരെയോ അല്ലെങ്കിൽ അയാൾ മരിക്കുന്നത് വരെയോ പോറ്റിയാൽ ഞാനും അയാളും ഇപ്രകാരമാണ്.' റസൂൽ ചൂണ്ട് വിരലും മധ്യവിരലും ചേർത്ത് പിടിച്ചു' (അഹ്മദ്).

സഹോദരിമാരുടെ സുഖക്ഷേമത്തിന് സഹോദരങ്ങളുടെ സ്വന്തം താൽപര്യങ്ങൾ പോലും തടസ്സമാവരുതെന്ന് അല്ലാഹു ആജ്ഞാപിക്കുന്നു. മഅ്ഖൽ ബ്നു യസാറിൽനിന്ന്. അദ്ദേഹം പറഞ്ഞു: 'ഞാനെന്റെ സഹോദരിയെ ഒരാൾക്ക് വിവാഹം ചെയ്ത് കൊടുത്തു. അദ്ദേഹമവളെ വിവാഹ മോചനം നടത്തി. അവളുടെ ഇദ്ദ കഴിഞ്ഞപ്പോഴേക്കും ആദ്യ ഭർത്താവ് തന്നെ അവളെ വിവാഹമന്വേഷിച്ച് വന്നു. ഞാന അദ്ദേഹത്തോട് പറഞ്ഞു: 'ഞാൻ നിനക്കവളെ കല്യാണം കഴിപ്പിച്ച് തന്നു. നിനക്ക് വേണ്ട എല്ലാ സൗകര്യങ്ങളും നൽകി ആദരിക്കുകയും ചെയ്തു. എന്നിട്ടും നീ അവളെ ത്വലാഖ് ചൊല്ലി. ഇപ്പോൾ വീണ്ടും അവളെ കെട്ടാൻ വന്നിരിക്കുകയാണോ? ഇല്ല; അല്ലാഹുവാണ സത്യം. ഇനി ഞാൻ നിനക്കവളെ നൽകില്ല.' അദ്ദേഹത്തിന്റെ സഹോദരിയാവട്ടെ അയാളെ വീണ്ടും ഭർത്താവായി സ്വീകരിക്കാൻ സന്നദ്ധയായിരുന്നു. അപ്പോഴാണ് അല്ലാഹു ഈ വാക്യം അവതരിപ്പിക്കുന്നത്:

'സ്ത്രീകളെ ത്വലാഖ് ചെയ്യുകയും അവർ ഇദ്ദ പൂർത്തിയാക്കുകയും ചെയ്തുകഴിഞ്ഞാൽ പിന്നെ അവർ തെരഞ്ഞെടുക്കുന്ന ഭർത്താക്കന്മാരെ വിവാഹം ചെയ്യുന്നത് നിങ്ങൾ മുടക്കാവതല്ല. ന്യായമായ രീതിയിൽ വിവാഹിതരാകുന്നതിന് അവർ പരസ്പരം തൃപ്തിപ്പെടുന്നുവെങ്കിൽ' (2: 232).

ഞാനുടനെ പറഞ്ഞു: 'ഞാനിപ്പോൾ തന്നെ അപ്രകാരം ചെയ്യാം' അങ്ങനെ ആദ്യ ഭർത്താവിന് തന്നെ തന്റെ സഹോദരിയെ വിവാഹം ചെയ്ത് കൊടുത്തു' (ബുഖാരി).

സ്വന്തം ആഗ്രഹങ്ങളെ സഹോദരിമാർക്ക് വേണ്ടി ബലികഴിച്ച സ്വഹാബാക്കളെ കാണാം. ജാബിർ ബ്നു അബ്ദുല്ല (റ) പറയുന്നു: ഒരിക്കൽ അല്ലാഹുവിന്റെ റസൂൽ (സ) എന്നോട് ചോദിച്ചു: 'ജാബിറേ, നീ കല്യാണം കഴിച്ചോ?'

'അതെ'

'കന്യകയാണോ, വിധവയാണോ?'

'വിധവ'

'നിന്നോടൊപ്പം ഉല്ലസിക്കുന്ന കന്യകയാവാമായിരുന്നില്ലേ..?'

'അല്ലാഹുവിന്റെ ദൂതരേ, എന്റെ പിതാവ് ഉഹുദ് ദിനം രക്തസാക്ഷിയായി. ഒമ്പത് പെൺകുട്ടികളാണുണ്ടായിരുന്നത്. എനിക്കിപ്പോൾ ഒമ്പത് സഹോദരിമാരുണ്ട്. അവർക്കിടയിലേക്ക് അവരെപ്പോലെ കുട്ടിക്കളിയുള്ള ബാലികയെ കൊണ്ട് വരാൻ ഞാനിഷ്ടപ്പെട്ടില്ല. അവരുടെ മുടി ചീകുവാനും അവരുടെ മറ്റുള്ള കാര്യങ്ങൾ ശ്രദ്ധിക്കാനും ഏറെ യോജിക്കുന്ന

ഒരുവളാവട്ടെ എന്ന് വിചാരിച്ചു.'

റസൂൽ (സ) പറഞ്ഞു: 'നീ ചെയ്തതാണ് ശരി, അല്ലാഹു നിന്നെ അനുഗ്രഹിക്കട്ടെ!' (ബുഖാരി)

സഹോദരിമാർക്കും അനന്തര അവകാശത്തിൽ വിഹിതമുണ്ടെന്ന് വിശുദ്ധ ഖുർആൻ പ്രഖ്യാപിച്ചു (*അന്നിസാഅ്*: 12).

മുആദ് ബ്നു ജബൽ (റ) മരണപ്പെടുമ്പോൾ ഒരു മകളും ഒരു സഹോദരിയുമാണുണ്ടായിരുന്നത്. അദ്ദേഹം തന്റെ മുഴുവൻ സമ്പത്തും ഇരുവർക്കുമിടയിൽ പാതിയായി വീതിച്ചു. നബി (സ) ജീവിച്ചിരിക്കുമ്പോഴായിരുന്നു ഇത് (അബൂ ദാവൂദ്).

സഹോദരിയുടെ പുത്രനെയും തന്റെ കുടുംബത്തിലെ അംഗമായി പരിഗണിക്കണമെന്ന് നബി(സ) പഠിപ്പിച്ചു.

ഒരിക്കൽ അൻസ്വാറുകളെ വിളിച്ച് നബി (സ) ചോദിച്ചു: 'പുറത്ത് നിന്നുള്ള ആരെങ്കിലും നിങ്ങളുടെ കൂട്ടത്തിലുണ്ടോ?' അവർ പറഞ്ഞു: 'ഇല്ല; ഞങ്ങളുടെ സഹോദരിയുടെ പുത്രനല്ലാതെ.'

അല്ലാഹുവിന്റെ ദൂതർ പറഞ്ഞു: 'ഒരു സമൂഹത്തിലെ സഹോദരിയുടെ പുത്രൻ അവരിൽ പെട്ടവൻ തന്നെയാണ്' (ബുഖാരി, മുസ്‌ലിം).

മുലകുടി ബന്ധത്തിലൂടെയുള്ള സഹോദരിയെയും അല്ലാഹുവിന്റെ നബി (സ) ഏറെ സ്നേഹിച്ചിരുന്നു.

ഹവാസിൻ വിജയ ദിവസം ഒരു സ്ത്രീ നബിയുടെ അരികിൽ വന്ന് പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, ഞാൻ താങ്കളുടെ സഹോദരിയാണ്. ഞാനാണ് ഹാരിസിന്റെ മകൾ ശൈമാ.' അപ്പോൾ റസൂൽ പറഞ്ഞു: 'നീ പറഞ്ഞത് സത്യമാണെങ്കിൽ നിനക്ക് ഞാൻ എന്നെന്നും ഓർമിക്കുന്ന ഒരു സമ്മാനം ഒരുക്കിയിട്ടുണ്ട്.' അവൾ തന്റെ തണ്ടംകൈ കാണിച്ച് കൊണ്ട് പറഞ്ഞു: 'റസൂലേ, സത്യമാണ്. താങ്കൾ കുട്ടിയായിരിക്കെ എന്നെ കടിച്ച പാടിതാ ഇപ്പോഴുമിവിടെ.' അല്ലാഹുവിന്റെ ദൂതർ അവർക്ക് തന്റെ തട്ടം വിരിച്ച് കൊടുത്തു. പിന്നെ ഇപ്രകാരം പറഞ്ഞു: 'ചോദിച്ചാൽ തരാം. ശിപാർശ വേണമെങ്കിൽ ശിപാർശ ചെയ്യാം' (ബൈഹഖി).

മാതാവിനെപ്പോലെ തന്നെ മരണപ്പെട്ട സഹോദരിമാരുടെ ബാധ്യതകൾ വീട്ടാൻ നബി (സ) ആവശ്യപ്പെടുമായിരുന്നു. ഇബ്നു അബ്ബാസ് (റ) പറയുന്നു: നബി (സ) യുടെ അരികിലേക്ക് ഒരു സ്ത്രീ വന്ന് ചോദിച്ചു: 'എന്റെ സഹോദരി മരിച്ചിരിക്കുന്നു. തുടർച്ചയായ രണ്ട് മാസങ്ങൾ നോമ്പനുഷ്ഠിക്കൽ നിർബന്ധമായിരുന്ന അവസ്ഥയിലാണ് മരിച്ചത്.' തിരുനബി ചോദിച്ചു: 'സഹോദരിക്ക് കടമുണ്ടായിരുന്നെങ്കിൽ നീ അത് വീട്ടുമോ?' അവൾ പറഞ്ഞു: 'അതെ'

'എങ്കിൽ അല്ലാഹുവിന്റെ കടമാണ് വീട്ടുവാൻ ഏറെ അവകാശപ്പെട്ടത്' (തിർമിദി, നസാഈ).

ഈ വിഷയത്തിൽ അത്രയൊന്നും പ്രബലമല്ലാത്ത കൗതുകകരമായ ഒരു സംഭവം ഇമാം അസ്ഫഹാനി ഇപ്രകാരം വിവരിക്കുന്നുണ്ട് :

ഒരിക്കൽ ഹജ്ജാജ് ജയിലിലടക്കപ്പെട്ട മൂന്നാളുകളുടെ തലവെട്ടാൻ തീരുമാനിച്ചു. അവരെ ആരാച്ചാരുടെ അടുത്ത് കൊണ്ട് വന്നപ്പോൾ ഒരു സ്ത്രീ കരയുന്നത് കണ്ടു. ഹജ്ജാജ് ചോദിച്ചു: 'നീ എന്തിനാണ് കരയുന്നത്?'

അവൾ പറഞ്ഞു: 'താങ്കൾ തല വെട്ടാൻ ആജ്ഞാപിക്കപ്പെട്ടവർ എന്റെ ഭർത്താവ്, സഹോദരൻ, എന്റെ കരളായ പുത്രൻ എന്നിവരാണ്.' അവളോട് അലിവ് തോന്നിയ ഹജ്ജാജ് പറഞ്ഞു: 'ഇവരിൽ നീ ആവശ്യപ്പെടുന്ന ഒരാളെ ഞാൻ വെറുതെ വിടാം.'

അവൾ മകനെ തെരഞ്ഞെടുക്കുമെന്നാണ് അദ്ദേഹം വിചാരിച്ചത്.

എന്നാൽ എല്ലാവരെയും വിസ്മയിപ്പിച്ച് കൊണ്ട് അവളുടെ മറുപടി ഇപ്രകാരമായിരുന്നു:

الزوج موجود، والابن مولود، والأخ مفقود . أختارُ الأخ.

'ഭർത്താവിനെ വേറെ ലഭിക്കും. മകൻ വേറെയും ജനിക്കും. പക്ഷെ, സഹോദരന് പകരക്കാരനില്ല. ഞാനെന്റെ സഹോദരനെ തെരഞ്ഞെടുക്കുന്നു.'

ഇത് കേട്ടപ്പോൾ ഹജ്ജാജ് പറഞ്ഞു: 'നിന്റെ മറുപടി എന്നെ അത്യധികം സന്തോഷിപ്പിച്ചിരിക്കുന്നു. അതിനാൽ ഞാൻ എല്ലാവരെയും വെറുതെ വിട്ടിരിക്കുന്നു.'

(محاضرات الأدباء ومحاورات الشعراء والبلغاء، الأصفهاني (1/ 434)

●

"Learn Islamic Finance from its Pioneers"

M.A. ISLAMIC FINANCE

A fast growing discipline, much sought after programme

A FEW SEATS AVAILABLE

Eligibility: Any Degree

Visit: **www.aljamiacollege.com**
for online registration

Last Date for Online Registration : 20th January 2022

AL JAMIA ARTS AND SCIENCE COLLEGE
PERINTHALMANNA
(Affiliated to the University of Calicut)
POOPALAM, VALAMBUR (P.O), MALAPPURAM DT. - 679325
Ph: 7994 188 918, 04933 227 918
www.aljamiacollege.com E-mail: artscollege@aljamia.net

Admission Helplines:-
9946344010, 9747799772, 9048464110